# <u>പതിമൂന്നാം കേരള നിയമസഭ</u>

## <u>പതിനാലാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: **279**

10.07.2015ൽ മറുപടിയ്ക്ക്

## <u>സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ</u>

**<u>ചോദ്യം</u>**

ശ്രീ. ഹൈബി ഈഡൻ
" എം.പി.വിൻസെന്റ്
" ലൂഡി ലൂയിസ്
" വി.പി.സജീന്ദ്രൻ

**<u>മറുപടി</u>**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| (എ) | സ്കൂളുകളിൽ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. ഈ വർഷം സംസ്ഥാനത്തെ 3825 സ്കൂളുകളിൽ 1 $M^3$ വലുപ്പത്തിലുള്ള പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാൻ പദ്ധതി രൂപീകരിച്ച് നടപ്പാക്കി വരുന്നു. RAIDCO,KAICO എന്നീ ഏജൻസികൾ മുഖേനയാണ് പ്ലാന്റുകൾ സ്ഥാപിച്ചിരിക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) | കേരളത്തിലെ സ്കൂളുകളിലെ ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ ശേഖരിച്ച് പരിസരമലിനീകരണം കൂടാതെ സംസ്കരിക്കുക, സ്കൂളുകളിലെ ഉച്ചഭക്ഷണം ഉണ്ടാക്കുന്നതിനാവശ്യമായ ഇന്ധനം ഏറ്റവും സുരക്ഷിതവും ചെലവ് കുറഞ്ഞതുമായ മാർഗ്ഗത്തിൽ ലഭ്യമാക്കുക, പച്ചക്കറി കൃഷിയിൽ നിന്നും ഉണ്ടാവുന്ന പാഴ്വസ്തുക്കൾ ബയോഗ്യാസും, ജൈവ വളവുമായി മാറ്റുന്നതിനുള്ള പ്രവർത്തി പരിചയം നല്കുക, വിദ്യാർത്ഥി സമൂഹത്തിന് വിഷവിമുക്തമായ പച്ചക്കറി ഉത്പന്നം ലഭ്യമാക്കുക, പരിസര സംരക്ഷണത്തിന്റെ ബാലപാഠങ്ങൾ വിദ്യാർത്ഥികൾക്ക് ഹൃദിസ്ഥമാക്കുക, വിദ്യാർത്ഥികളുടെ ഒഴിവുവേള ഫലപ്രദമായി ഉപയോഗിക്കുക എന്നിങ്ങനെയുള്ള വിവിധ ലക്ഷ്യങ്ങളാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതിക്കായി സ്കൂളുകളെ തെരഞ്ഞെടുക്കുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുമോ: | (സി) | സ്കൂളുകളിലുള്ള ജൈവാവശിഷ്ടങ്ങളുടെ ലഭ്യതയും വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും താൽപ്പര്യത്തിന്റെ അടിസ്ഥാനത്തിലും തെരഞ്ഞെടുത്ത സ്കൂളുകളുടെ ലിസ്റ്റ്, ജില്ല പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ വഴി, കൃഷി വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതിക്കുള്ള ധനസമാഹരണം എപ്രകാരമാണ് നടത്തുന്നതെന്ന് വിശദമാക്കുമോ? | (ഡി) | പദ്ധതി നടപ്പിലാക്കുന്നതിനായി 15.3.2014 ലെ സ.ഉ.(സാധാ) നം.530/2014/കൃഷി പ്രകാരം 5.55 കോടി രൂപയുടെ ഭരണാനുമതി നൽകിയതിൽ. അഡീഷണൽ ഓതറൈസേഷൻ വഴി 5.1404175 കോടി രൂപ 13/11/2014 ലെ സ.ഉ.(MS)258/2014/AD പ്രകാരം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ